കേരള സർക്കാർ

<u>സംഗ്രഹം</u>

വനിതശിശു വികസന വകുപ്പ് : വകുപ്പിന് കീഴിലെ 14 വനിത സംരക്ഷണ ഓഫീസുകളിലെ മെസഞ്ചർമാരുടെ 2025-26 സാമ്പത്തിക വർഷത്തെ ഓണറേറിയം, ഉത്സവബത്ത എന്നിവയ്ക്കായുള്ള തുക അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിത ശിശു വികസന(എ) വകുപ്പ്

**G.O.(Rt)242/2025/WCDD** **Dated,31/05/2025**

---

പരാമർശം:-

1. സ.ഉ(സാധാ)നമ്പർ 241/2023/WCDD തീയതി 04.05.2023.
2. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 21/03/2025 തീയതിയിലെ ഡി.ഡബ്ല്യൂ.സി.ഡി/1901/2025 ഡബ്ല്യൂ.ഇ.സി -3 നമ്പർ കത്ത്.
3. 03.04.2025 തീയതിയിലെ വനിത ശിശുവികസന വകുപ്പിന്റെ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗം
4. സ.ഉ.(സാധാ) നമ്പർ 238/2025/വശിവിവ തീയതി 30.05.2025.

AS/WCD/25/42121

<u>ഉത്തരവ്</u>

ഗാർഹിക പീഡന നിരോധന നിയമം, 2005 പ്രകാരമുള്ള പരാതികളിന്മേൽ കോടതിയിൽ നിന്നും ലഭിക്കുന്ന നോട്ടീസുകൾ വിതരണം ചെയ്യുന്നതിന് വനിത പ്രൊട്ടക്ഷൻ ഓഫീസർമാരെ സഹായിക്കുന്നതിനായി കേരളാ മഹിളാ സമഖ്യ സൊസൈറ്റി മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള 14 മെസഞ്ചർമാരുടെ ഓണറേറിയം പരാമർശം (1) പ്രകാരം 12,000/-രൂപയായി വർദ്ധിപ്പിച്ചിരുന്നു. ഇപ്രകാരം സംസ്ഥാനത്തെ 14 വനിത സംരക്ഷണ ഓഫീസുകളിൽ സേവനമനുഷ്ഠിച്ചുവരുന്ന 14 മെസഞ്ചർമാർക്ക് 2025-2026 സാമ്പത്തിക വർഷം ഓണറേറിയം ഇനത്തിൽ 20,16,000/-രൂപയും (ഇരുപത് ലക്ഷത്തി പതിനാറായിരം രൂപയും) ഉത്സവബത്ത ഇനത്തിൽ 1,200/-രൂപ നിരക്കിൽ 14 പേർക്ക് 16,800/-രൂപയും(പതിനാറായിരത്തി എണ്ണൂറ് രൂപയും) ചേർത്ത് ആകെ 20,32,800/-രൂപ (ഇരുപത് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എണ്ണൂറ് രൂപ

മാത്രം) 2235-02-103-68-03-00-0-P-V ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്ന് വനിത ശിശുവികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

Head Of Accounts

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-68-03-00-0-P-V | 20,32,800 | AS/WCD/25/42121 | 2026-03-31 |

പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ - 2235-02-103-68-03-00-0-P-V

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | 2025 26 സാമ്പത്തിക വർഷം, വനിത സംരക്ഷണ ഓഫീസുകളിലെ മെസഞ്ചർമാരുടെ ഓണറേറിയം ഉത്സവബത്ത എന്നിവയ്ക്കായുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച് | 20,32,800 |
| ആകെ (ഇരുപത് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി എണ്ണൂറ് രൂപ) | | **20,32,800** |

ക്രമ നമ്പർ 1ന്റെ ഇനങ്ങൾ

| ക്രമ നമ്പർ | ഇനം | അളവ് | നിരക്ക്/യൂണിറ്റ് (രൂപയിൽ) | ആകെ തുക (രൂപയിൽ) |
|---|---|---|---|---|
| 1 | മെസഞ്ചർമാരുടെ ഓണറേറിയം(12000 X 12 X 14 ) | 14 | 144000 | 20,16,000 |
| 2 | മെസഞ്ചർമാരുടെ ഉത്സവബത്ത | 14 | 1200 | 16,800 |
| ആകെ (ഇരുപത് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി എണ്ണൂറ് രൂപ) | | | | **20,32,800** |

2.പ്രസ്തുത പ്രൊപ്പോസൽ പരാമർശം (3) പ്രകാരമുള്ള 2025-26 സാമ്പത്തിക വർഷത്തിലെ ഒന്നാമത് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഇനം-11 ആയി സമഗ്ര ഭരണാനുമതിയ്ക്ക് അംഗീകാരം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന് കീഴിലെ 14 വനിത സംരക്ഷണ ഓഫീസുകളിലെ മെസഞ്ചർമാരുടെ ഓണറേറിയം,ഉത്സവബത്ത എന്നിവയ്ക്കായുള്ള തുക അനുവദിക്കുന്നതിന് പരാമർശം(4) പ്രകാരം സമഗ്ര ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു..

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വനിത ശിശു വികസന വകുപ്പിന് കീഴിലെ 14 വനിത സംരക്ഷണ ഓഫീസുകളിലെ മെസഞ്ചർമാരുടെ 2025-26 സാമ്പത്തിക വർഷത്തെ ഓണറേറിയം, ഉത്സവബത്ത എന്നിവ നൽകുന്നതിനായി 20,32,800 (ഇരുപത് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി എണ്ണൂറ് രൂപ) 2235-02-103-68-03-00-0-P-V ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

AS/WCD/25/42121

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

To

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2025.05.31 04:22:59 +05:30

AS/WCD/25/42121